DWCD/6214/2022-A2

I/88984/2023

നം-DWCD/6214/2022-A2

വനിതശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :26-03-2023
Email-wcdpfms2021@gmail.com
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ചെലവുകൾ PFMS മുഖേന നടത്തുന്നത് മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന: F.No-1(13)PFMS/FCD/2020 dt:23/03/2021

വനിതശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS - SNA സിസ്റ്റം മുഖേനയാണ് നടപ്പ് സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന ഇംപ്ളിമെന്റിംഗ് ഏജൻസികൾ (കീഴ് കാര്യാലയ മേധാവികൾ/DDO മാർ ) PFMS - SNA സിസ്റ്റം മുഖേന ചെലവിനങ്ങൾ (Expenditure) നടത്തുമ്പോൾ ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

1. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും (Centrally Sponsored Schemes) PFMS പോർട്ടലിൽ SNA System മുഖേനയാണ് ചെലവുകൾ നടത്തേണ്ടത്. ആയതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സഹായം ലഭിക്കുന്ന സ്കീം കംമ്പോണന്റുകൾക്കു മാത്രമെ PFMS മുഖേന ചെലവുകൾ നടത്തുവാൻ പാടുള്ളൂ. ഒരു കേന്ദ്രപദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കാത്തതും സംസ്ഥാന വിഹിതം മാത്രം ലഭ്യമായിട്ടുള്ളതുമായ ചെലവിനങ്ങൾ ( ഉദ: ICDS(GENERAL) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ICDS കെട്ടിടവാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വാട്ടർചാർജ്ജ്, തുടങ്ങിയവ) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം ചെലവുകൾ സംസ്ഥാന ശീർഷകങ്ങളിൽ നിന്നും മാത്രമേ വഹിക്കാൻ പാടുള്ളൂ.

ഇക്കാര്യം എല്ലാ ഇംപ്ളിമെന്റിംഗ് ഏജൻസികളും (കീഴ് കാര്യാലയ മേധാവികൾ, DDOമാർ) പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. PFMS മുഖേന തുക ചെലവഴിക്കുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതം ലഭിക്കുന്ന component കളിൽ നിന്ന് ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ചെലവ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഇംപ്ളിമെന്റിംഗ് ഏജൻസികൾ (കീഴ് കാര്യാലയ മേധാവികൾ, DDOമാർ) പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ പദ്ധതി ചെലവ് നടത്തേണ്ട **സ്കീം കമ്പോണന്റ്** നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3. ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും നടത്തിപ്പിനായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ നിന്നുമാണ് ബന്ധപ്പെട്ട ചൈൽഡ് ഏജൻസികൾക്ക് (കീഴ് കാര്യാലയ മേധാവികൾ, DDOമാർ) ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത തുക SNA അക്കൗണ്ടിൽ നിന്നും ചൈൽഡ് ഏജൻസികൾ ആരംഭിച്ചിട്ടുള്ള Zero Balance subsidiary ചൈൽഡ് അക്കൗണ്ടുകളിലൂടെയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. ആയതിനാൽ കീഴ് കാര്യാലയ മേധാവികൾ/ DDO മാർ തുക ചെലവഴിക്കുന്നതിനായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ ചൈൽഡ് അക്കൗണ്ടിന്റെ

DWCD/6214/2022-A2

I/88984/2023

വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ഓരോ പദ്ധതിക്കും ചൈൽഡ് ഏജൻസികൾക്കായി (കീഴ് കാര്യാലയ മേധാവികൾ, DDOമാർ) തുക അനുവദിച്ച PFMS ൽ Allocation Limit സെറ്റ് ചെയ്യുമ്പോഴും ഏത് ആവശ്യത്തിനാണ് തുക അനുവദിച്ചതെന്ന വിവരം ബന്ധപ്പെട്ട ചൈൽഡ് ഏജൻസികളെ അറിയിക്കേണ്ടതാണ്..

5 . PFMS പോർട്ടലിൽ ജനറേറ്റ് ചെയ്യുന്ന PPA ( Print Payment Advice ) യുടെ കാലാവധി 10 ദിവസം ആയതിനാൽ പി.പി.എ ജനറേറ്റ് ചെയ്താൽ ഉടൻ തന്നെ ചൈൽഡ് ഏജൻസികൾ ആയത് ബന്ധപ്പെട്ട ബാങ്കിൽ ഏൽപ്പിക്കേണ്ടതും ട്രാൻസാക്ഷൻ നടപടി പൂർ ത്തീകരിച്ചിട്ടുണ്ടോയെന്ന് കീഴ് കാര്യാലയ മേധാവികൾ/DDO മാർ വ്യക്തിപരമായി ഉറപ്പ വരുത്തേണ്ടതുമാണ്.

6. Payment നടപടി പൂർത്തിയായാൽ ഉടൻ തന്നെ Payment മായി ബന്ധപ്പെട്ട ഉണ്ടാകുന്ന Deductions പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഹോൾഡിംഗ് അക്കൗണ്ടിലേയ്ക്ക് transfer ചെയേണ്ടതും, ഹോൾഡിംഗ് അക്കൗണ്ടിൽ നിന്നും പ്രസ്തുത തുക ഉടൻതന്നെ ബന്ധപ്പെട്ട deduction അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. കീഴ്കാര്യാലയ മേധാവികൾ, DDOമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും Deduction തുകകൾ ബന്ധപ്പെട്ട deduction അക്കൗണ്ടുകളിലേയ്ക്ക് യഥാസമയം ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. **അല്ലാത്ത പക്ഷം ഈ തുക DDO മാരുടെ വ്യക്തി പരമായ ബാധ്യതയായി മാറുന്നതാണ്**

7. PFMS മുഖേന നടത്തുന്ന ഇടപാടുകൾ രേഖപ്പെടുത്തുന്നതിനായി ഓരോ ഓഫീസിലും സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ യഥാ സമയം തന്നെ വിവരങ്ങൾ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8 PFMS പോർട്ടൽ മുഖേന ട്രാൻസാക്ഷൻ നടത്തുമ്പോൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് എല്ലാം തന്നെ തുക ലഭിച്ചിട്ടുണ്ടെന്ന് പോർട്ടലിലെ EP-04 **റിപ്പോർട്ട്** പരിശോധിച്ച് DDO മാർ ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു കോപ്പി PPA( Print Payment Advice ) /DSC Transaction Payment Advice report നോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

9. ഡിഡക്ഷനുകള് ( (TDS ON CGST, TDS ON SGST, TDS ON IGST, incometax, Professional Tax, duties, levies, fees, municipal charges... etc) ബന്ധപ്പെട്ട deduction അക്കൗണ്ടുകളിലേയ്ക്ക് ബന്ധപ്പെട്ട ബാങ്ക് മുഖേന ട്രാൻസ്ഫർ ചെയ്ത ശേഷം ബാങ്കിൽ നിന്നുള്ള Tax payers receipt PFMS പോർട്ടലിൽ ചേർത്ത് ഡിഡക്ഷന് സെറ്റിൽമെന്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം deductions PFMS portal ൽ reflect ചെയുകയില്ല.ആയതിനാൽ DDOമാർ ഇക്കാര്യം ഉറപ്പവരുത്തേണ്ടതാണ്

10. നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്ന 31/03/2023 12:00 PM ന് ഓരോ ചൈൽഡ് ഏജൻസിക്കുമായി സെറ്റ് ചെയ്തിട്ടുള്ള Allocation ceiling Limit Zero (0) ആയി റീസെറ്റ് ചെയ്യപ്പെടുന്നതായിരിക്കും. അതായത് നടപ്പ് സാമ്പത്തിക വർഷം നടത്തേണ്ട ചെലവിങ്ങൾ നടപ്പ് വർഷത്തിൽ തന്നെ ചെലവഴിക്കേണ്ടതാണ് ആയതിനാൽ ചൈൽഡ്

DWCD/6214/2022-A2

I/88984/2023

ഏജൻസികൾ (കീഴ് കാര്യാലയ മേധാവികൾ / DDO മാർ ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി PFMS മുഖേന അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതിലേക്ക് മുൻകൂറായി തന്നെ PFMS മുഖേന നടപടികൾ process ചെയ്തു PPA ബന്ധപ്പെട്ട ബാങ്കിൽ ഏൽപ്പിച്ച് payment നടത്തപ്പെട്ടുയെന്നു ഉറപ്പു വരുത്തേണ്ടതാണ്. ഒരു കാരണവശാലും PPA എടുത്തിട്ടുള്ള ചെലവിങ്ങൾ നടത്തപ്പെടാതിരുക്കുവാൻ പാടുള്ളതല്ല. അത്തരം വീഴ്ചകൾ വരുത്തുന്ന ചൈൽഡ് ഏജൻസികൾ (കീഴ്കാര്യാലയ മേധാവികൾ / DDO മാർ ) ക്ക് എതിരെ ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതായിരിക്കും

11.സാമ്പത്തിക വർഷം അവസാനിച്ചാലുടൻ എല്ലാ കാര്യാലയ മേധാവികൾ /DDO മാർ PFMS EP04 റിപ്പോർട്ട് Bank statement ഉം ആയി reconcile ചെയത്ഇടപാടുകൾ എല്ലാം ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ് അതോടൊപ്പം ഓരോ ഇടപാടുകളുടെയും ബിൽ/ വൌച്ചറുകൾ ഉൾപ്പെടെയുള്ളവ AG പരിശോധനയ്ക്കായി തയ്യാറാക്കി വയ്ക്കേണ്ടതാണ്

വനിതശിശുവികസന ഡയറക്ടർ

എല്ലാജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

പകർപ്പ്

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും /DDO മാർക്കും

സെക്ഷൻ/ stock file /സ്പയർ

**Signed by Priyanka G**
**Date: 26-03-2023 00:36:32**